# കുട്ടിക്കവിതകൾ

## ഉള്ളടക്കം

**1 പ്രാർത്ഥന** **4**
1.1 ദൈവമേ കൈതൊഴാം. . . 4

**2 കുഞ്ഞുണ്ണിക്കവിതകൾ** **5**
2.1 മിഠായി 5
2.2 ആ എന്നൊരക്ഷരം. . . 5
2.3 ആനയും ആമയും 5
2.4 കാക്കയും കോഴിയും നായയും 5
2.5 പണ്ടൊരു കുരങ്ങച്ചൻ. . . 5
2.6 ബലൂൺ 6
2.7 ആനയും ഈച്ചയും 6
2.8 കോരന്റെ മടി 6
2.9 ചോറുണ്ണാൻ 6
2.10 കുരങ്ങന്മാരുടെ അടി 7
2.11 മൂസയും മടലും 7
2.12 കചടതപാ. . . 7
2.13 വൃത്തിയുള്ള പൂച്ച 7
2.14 അടിപിടി 8
2.15 പപ്പടം 8
2.16 അരി വെന്താൽ. . . 8
2.17 വായിച്ചാലും വളരും 8
2.18 ഉറുമ്പിൻ തലയാനയ്ക്കും 8
2.19 എലിയില്ലാതായാൽ 8
2.20 ഏ-ബീ-സീ-ഡീ-യിലുണ്ടൊരു 9
2.21 അക്ഷരമേ നിന്നെ 9
2.22 പൂച്ച നല്ല പൂച്ച 9
2.23 കാക്ക പാറിവന്നു 9
2.24 മുട്ടായി ബുദ്ധിചേർന്നീടിൽ 9
2.25 ഒന്നെന്നെങ്ങനെയെഴുതാം? 9

**3 കുട്ടിക്കവിതകൾ** **10**
3.1 കാക്കേ കാക്കെ കൂടെവിടെ? 10
3.2 ആകാശത്തിലെ മുത്തശ്ശി 10
3.3 പിള്ളാരും വലിയോരും 10
3.4 കാട്ടുമരത്തിൻ കൊമ്പുകൾ തോറും. . . 11
3.5 തത്ത 11
3.6 കുഞ്ഞിത്തത്ത 11
3.7 പച്ചക്കിളികളും പൂച്ചയും 11
3.8 അച്ഛനൊന്ന് അമ്മയൊന്ന്. . . 11
3.9 തീവണ്ടി 12
3.10 ചോറ് 12
3.11 വണ്ടിപ്പാട്ട് 12
3.12 പഞ്ചാരക്കുഞ്ചു 13
3.13 കടലയ്ക്ക 13

3.14 ഉറുമ്പുപട . . . 13
3.15 ആന . . . 14
3.16 അരിവാളരിവാൾ. . . 14
3.17 ഈ വല്ലിയിൽ നിന്നു ചെമ്മേ. . . 15
3.18 മാസപ്പാട്ട് . . . 15
3.19 വിദ്യ . . . 16
3.20 ഐക്യഗാഥ . . . 16
3.21 ഉണ്ണി . . . 16

**4 വലിയ കുട്ടികൾക്കുള്ള കവിതകൾ 17**
4.1 ഓമനക്കുട്ടൻ . . . 17
4.2 കാക്ക . . . 18

**5 കടങ്കവിതകൾ 19**
5.1 പപ്പടം . . . 19

**6 മാതാപിതാക്കൾക്കുള്ള കവിതകൾ 20**
6.1 ഓമനത്തിങ്കൾ . . . 20

# 1 പ്രാർത്ഥന

## 1.1 ദൈവമേ കൈതൊഴാം. . .

ദൈവമേ കൈതൊഴാം കേൾക്കുമാറാകണം
പാവവാമെന്നെ നീ കാക്കുമാറാകണം
എന്നുള്ളിൽ ഭക്തിയുണ്ടാകുമാറാകണം
നിന്നെ ഞാനെന്നുമേ കാണുമാറാകണം
നേർവഴിക്കെന്നെ നീ കൊണ്ടുപോയീടണം
നേർവരും സങ്കടം ഭസ്മമാക്കീടണം
ദുഷ്ടസംസർഗ്ഗം വരാതെയായീടണം
ശിഷ്ടരായുള്ളവർ തോഴരായീടണം
നല്ല കാര്യങ്ങളിൽ പ്രേമമുണ്ടാകണം
നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം
കൃത്യങ്ങൾ ചെയ്യുവാൻ ശ്രദ്ധയുണ്ടാകണം
സത്യം പറഞ്ഞീടാൻ ശക്തിയുണ്ടാകണം

# 2 കുഞ്ഞുണ്ണിക്കവിതകൾ

## 2.1 മിഠായി

ഹായി ഠായി മിഠായി
തിന്നുമ്പോൾ എന്തിഷ്ടായി
വായിൽ വെച്ചാൽ വെള്ളായി
തിന്നു കഴിഞ്ഞാൽ കഷ്ടായി

## 2.2 ആ എന്നൊരക്ഷരം. . .

ആ എന്നൊരക്ഷരം എത്തറ വലുത്
ആനയുമെത്തറ വലുത്
ആൽമരം വലുത്
ആ എന്നോതും നേരത്തെന്നുടെ
വായയുമെത്തറ വലുത്

## 2.3 ആനയും ആമയും

ആന വരുന്നേ, ആന വരുന്നേ
കൊമ്പൻ പാറ നടന്നു വരുന്നേ
തത്തകം തിത്തകം ആന വരുന്നേ

ആമ വരുന്നേ ആമ വരുന്നേ
കുഞ്ഞൻ പാറ നടന്നു വരുന്നേ
തകരം പികരം ആമ വരുന്നേ

## 2.4 കാക്കയും കോഴിയും നായയും

കക്കക്ക കാക്കയും
കൊക്കൊക്കൊ കോഴിയും
തിത്തിത്തൈ മുറ്റത്തു തർക്കമായി
ഞാനാണുണർന്നതിന്നാദ്യം കാക്കേ
ഞാനാണുണർന്നതിന്നാദ്യം കോഴീ
ബബ്ബബ്ബൗ നായയങ്ങോടിയെത്തി
ഞാനുറങ്ങിയിട്ടേയില്ലെന്ന് ബബ്ബൗ

## 2.5 പണ്ടൊരു കുരങ്ങച്ചൻ. . .

പണ്ടൊരു കുരങ്ങച്ചൻ
മുരിങ്ങേമ്മേക്കേറി

മുരിങ്ങേമ്മേക്കേറീട്ടു
തിരിഞ്ഞൊന്നു കളിച്ചു

തിരിഞ്ഞൊന്നു കളിച്ചിട്ടു
മറിഞ്ഞൊന്നു കളിച്ചു

മറിഞ്ഞൊന്നു കളിച്ചപ്പൊ
മറിഞ്ഞൊന്നു വീണു

മറിഞ്ഞൊന്നു വീണപ്പൊ
പിടഞ്ഞൊന്നെണീറ്റു

പിടഞ്ഞൊന്നെണീറ്റിട്ടു
വാലും പൊക്കി വടക്കോട്ടോടുമ്പൊ
തിരിഞ്ഞൊന്നു നിന്നിട്ട്
ഇളിച്ചൊന്നു കാട്ടി. . .

## 2.6 ബലൂൺ

ഊതി നിറച്ച ബലൂൺ
വീർത്തൊരു മത്ത ബലൂൺ
നീല ബലൂൺ
മഞ്ഞ ബലൂൺ
പച്ച ബലൂൺ
പൊട്ടിപ്പോയ്!

## 2.7 ആനയും ഈച്ചയും

ആ വരുന്നതൊരാന. . .
ഈ വരുന്നതൊരീച്ച. . .

ആനയുമീച്ചയും തമ്മിൽത്തമ്മിൽ
അടുത്തടുത്തു വരുന്നു. . .

ആനയ്ക്കുണ്ടോ പേടി?
ഈച്ചയ്ക്കുണ്ടോ പേടി?
രണ്ടിനുമില്ലാ പേടി. . .

ആന കീഴേ പോയി
ഈച്ച മേലേ പോയി. . .

## 2.8 കോരന്റെ മടി

നെല്ലു കുത്തട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി വെയ്ക്കട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി കുടിക്കട കോരാ
അങ്ങനെ പറയെന്റമ്മേ

## 2.9 ചോറുണ്ണാൻ

അച്ഛനെയിങ്ങോട്ടു വിളിച്ചേടാ ചോറുണ്ണാൻ –

അച്ഛനു പാടത്തു പണിയുണ്ടേ
ചേട്ടനെയിങ്ങോട്ടു വിളിച്ചേടാ ചോറുണ്ണാൻ –
ചേട്ടനു കടയിൽ പോകണ്ടേ?
ചേച്ചിയെയിങ്ങോട്ടു വിളിച്ചേടാ ചോറുണ്ണാൻ –
ചേച്ചീടൊക്കത്തു കുട്ടീണ്ടേ
നീയിങ്ങോട്ടു വന്നേടാ ചോറുണ്ണാൻ –
ഞാനിതാ എത്തിപ്പോയ്, എത്തിപ്പോയ്!

## 2.10 കുരങ്ങന്മാരുടെ അടി

കുരങ്ങനും കുരങ്ങനും അടികൂടി
അതിലൊരു കുരങ്ങന്റെ തല പൊട്ടി
എടുക്കെടാ കുരങ്ങാ പുളിവാറ്
കൊടുക്കെടാ കുരങ്ങാ പതിനാറ്

## 2.11 മൂസയും മടലും

ആശകൊണ്ടു മൂസ തെങ്ങിന്മേൽക്കേറി

മടൽ അടർന്നു വീണു
മൂസ മലർന്നു വീണു

മടൽ അടുപ്പിലായി
മൂസ കിടപ്പിലായി

## 2.12 കചടതപാ. . .

കചടതപാ കചടതപാ
കൊറച്ചെനിക്കേട്ടാ കദളിപ്പഴം

ഖഛഠഥഫാ ഖഛഠഥഫാ
കയ്ക്കുന്നിതനിയാ കദളിപ്പഴം

ഗജഡദബാ ഗജഡദബാ
കയ്പെനിക്കിഷ്ടമാണേറ്റമേട്ടാ

ഘഝഢധഭാ ഘഝഢധഭാ
ലവലേശം കൊടുത്തില്ല കൊതിയനേട്ടൻ

ങഞണനമാ ങഞണനമാ
കിണുകിണെക്കിണുങ്ങീ കുഞ്ഞനിയൻ

## 2.13 വൃത്തിയുള്ള പൂച്ച

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വെച്ച പാത്രം

വൃത്തിയാക്കി വെച്ചു

## 2.14 അടിപിടി

ABCD അടിപിടി കൂടി
EFGH അതിനൊടു കൂടി
IJKL അതു കണ്ടെത്തി
MNOP അമ്മയൊടോതി
QRST അച്ഛനതറിഞ്ഞു
UVW വടിയുമെടുത്തു
XYZ അടിയോടടിയായീ

## 2.15 പപ്പടം

പരത്തിപ്പറഞ്ഞാൽ പർപ്പടകം
ഒതുക്കിപ്പറഞ്ഞാൽ പപ്പടം
വേഗം പറഞ്ഞാൽ പപ്ടം
അതു ചുട്ടെടുത്തൊന്നമർത്തിയാലോ?
*പ്ടം*

## 2.16 അരി വെന്താൽ. . .

അരിവെന്താൽ ചോറാകും
അതു വെന്താൽ ചേറാകും

## 2.17 വായിച്ചാലും വളരും

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചുവളർന്നൽ വിളയും
വായിക്കാതെ വളർന്നാൽ വളയും

## 2.18 ഉറുമ്പിൻ തലയാനയ്ക്കും

ഉറുമ്പിൻ തലയാനയ്ക്കും
ആനത്തലയുറുമ്പിനും
മാറ്റിവെച്ചുകൊടുത്തീടിൽ
മലയാളം മനോഹരം

## 2.19 എലിയില്ലാതായാൽ

എലിയില്ലാതായാൽ
പൂച്ചയില്ലാതാവില്ല
പൂച്ചയില്ലാതായാലേ
പൂച്ചയില്ലാതാവുള്ളൂ

## 2.20 ഏ-ബീ-സീ-ഡീ-യിലുണ്ടൊരു

ഏ-ബീ-സീ-ഡീ-യിലുണ്ടൊരു തത്ത്വം
കാലത്തിൻ തത്ത്വം
ഏഡിയ്ക്കുള്ളിൽ കിടപ്പൂ ബീസി
എന്നാണാത്തത്ത്വം

## 2.21 അക്ഷരമേ നിന്നെ

അക്ഷരമേ നിന്നെയെനിക്കിക്ഷ പിടിച്ചു
അതിലരമുള്ളതിനാൽ

## 2.22 പൂച്ച നല്ല പൂച്ച

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വെച്ച പാത്രം
വൃത്തിയാക്കിവെച്ചു

## 2.23 കാക്ക പാറിവന്നു

കാക്ക പാറിവന്നു
പാറമേലിരുന്നു
കാക്ക പാറിപ്പോയി
പാറ ബാക്കിയായി

## 2.24 മുട്ടായി ബുദ്ധിചേർന്നീടിൽ

മുട്ടായി ബുദ്ധിചേർന്നീടിൽ
ബുദ്ധിമുട്ടായി നിർണ്ണയം

## 2.25 ഒന്നെന്നെങ്ങനെയെഴുതാം?

ഒന്നെന്നെങ്ങനെയെഴുതാം?
ഒന്നെന്നിങ്ങനെയെഴുതാം –
വളവും വേണ്ടാ
തിരിവും വേണ്ടാ
ചെരിവും വേണ്ടാ
കുനിവും വേണ്ടാ
കുത്തനെയൊരു വര കുറിയ വര

ഒന്നായ് നന്നായ്
ഒന്നായ് നിന്നാൽ നന്നായ്
നന്നായ് വന്നാൽ ഒന്നായ്
ഒന്നായാൽ നന്നായി
നന്നായാൽ ഒന്നായി

# 3 കുട്ടിക്കവിതകൾ

## 3.1 കാക്കേ കാക്കെ കൂടെവിടെ?

“കാക്കേ കാക്കേ കൂടെവിടെ?
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ?
കുഞ്ഞിനു തീറ്റി കൊടുക്കാഞ്ഞാൽ
കുഞ്ഞു കിടന്നു കരഞ്ഞീടും”

“കുഞ്ഞേ കുഞ്ഞേ നീ തരുമോ
നിന്നുടെ കയ്യിലെ നെയ്യപ്പം?”
“ഇല്ല തരില്ലീ നെയ്യപ്പം”
“അയ്യോ കാക്കേ പറ്റിച്ചോ?”

## 3.2 ആകാശത്തിലെ മുത്തശ്ശി

ആകാശത്തിലെ മുത്തശ്ശി –
അമ്പിളിമുത്തശ്ശി
പല്ലില്ലാത്ത മുത്തശ്ശി –
പാവം മുത്തശ്ശി

മുത്തശ്ശിയൊന്നു ചിരിച്ചാൽ പിന്നെ
മാനത്താകെ വെയിലാകും
മുത്തശ്ശിയൊന്നു കരഞ്ഞാലോ
മാനത്താകെയിരുട്ടാകും

## 3.3 പിള്ളാരും വലിയോരും

“ആന വരുന്നേ, ആന വരുന്നേ
മാറിപ്പോകൂ പിള്ളാരേ. . . ”
“ആന വരട്ടേ, വന്നാൽ മുതുകിൽ
ചാടിക്കയറും വലിയോരേ. . . ”

“ആറൊഴുകുന്നേ, ആറൊഴുകുന്നേ
മാറിപ്പോകൂ പിള്ളാരേ. . . ”
“ആറൊഴുകട്ടേ, ആറിനു കുറുകെ-
പ്പാലം കെട്ടും വലിയോരേ. . . ”

“കാടുണ്ടേ – വൻ കാടുണ്ടേ – വഴി-
മാറിപ്പോകൂ പിള്ളാരേ. . . ”
“കാടു കടക്കാൻ അമ്പും വില്ലും
കരുതീട്ടുണ്ടേ വലിയോരേ. . . ”

“മഞ്ഞുണ്ടേ – വൻ മഞ്ഞുണ്ടേ – വഴി-
മാറിപ്പോകൂ പിള്ളാരേ. . . ”
“മഞ്ഞു തടുക്കാൻ കമ്പിളിവസ്ത്രം
കരുതീട്ടുണ്ടേ വലിയോരേ. . . ”

## 3.4 കാട്ടുമരത്തിൻ കൊമ്പുകൾ തോറും. . .

കാട്ടുമരത്തിൻ കൊമ്പുകൾ തോറും കയറാം മറിയാം ചാടാം
വാലാൽച്ചില്ലത്തുമ്പിൽക്കെട്ടി വളഞ്ഞുകിടന്നൊന്നാടാം
കായികവിദ്യകളിങ്ങനെ പലതും കാട്ടും ഞാൻ പുകൾ തേടും
വാലില്ലാത്തോർ നിങ്ങളെറിഞ്ഞാൽ വാൽ പൊക്കിക്കൊണ്ടോടും

## 3.5 തത്ത

തത്തയ്ക്കൊത്തിരി ചേലുണ്ട്
പച്ചനിറത്തിലുടുപ്പുണ്ട്
ചുണ്ടിനു നല്ല ചുവപ്പുണ്ട്
കണ്ണിൽ കുന്നിക്കുരുവുണ്ട്
ചിറകുമുയർത്തി ചേലും നോക്കി
കൂട്ടിനകത്തൊരിരിപ്പുണ്ട്

## 3.6 കുഞ്ഞിത്തത്ത

കുഞ്ഞിത്തത്തേ പോകല്ലേ
കുഞ്ഞിത്തട്ടിൽ പാലില്ലേ
കഞ്ഞി വിളമ്പാൻ ഞാനില്ലേ
കുഞ്ഞിത്തത്തേ മിണ്ടില്ലേ

പച്ച വിരിച്ചൊരു പാടത്തോ
മച്ചിനകത്തോ മാനത്തോ
പിച്ച കളിപ്പതു വെയിലത്തോ
പൂച്ച പിടിക്കും നീയോർത്തോ

## 3.7 പച്ചക്കിളികളും പൂച്ചയും

പച്ചിലച്ചില്ലയിൽ തത്തിക്കളിക്കുവാൻ
പച്ചക്കിളികൾ പറന്നുവന്നു
പൂച്ചക്കുഞ്ഞെത്തിത്തരം നോക്കി മുറ്റത്തായ്
പച്ചക്കിളിയെപ്പിടിച്ചുതിന്നാൻ
ഉള്ളിൽക്കൊതിപൂണ്ടു പച്ചിലച്ചില്ലയിൽ
ഉള്ളിൽ കൊതി പൂണ്ടു പച്ചിലച്ചില്ലയിൽ
തത്തിപ്പിടിച്ചവൻ കേറിയപ്പോൾ
കൈകാലുതെറ്റിപ്പിടിവിട്ടു മുറ്റത്തായ്
പൊത്തോന്നു വന്നവൻ വീണു

## 3.8 അച്ഛനൊന്ന് അമ്മയൊന്ന്. . .

അച്ഛനൊന്ന് അമ്മയൊന്ന് സൂര്യനൊന്ന്
കൈകൾ രണ്ട് കാലും രണ്ട് കാതും രണ്ട്
കണ്ടിട്ടില്ലേ തേങ്ങായ്ക്കു കണ്ണു മൂന്ന്
പൂച്ച പട്ടി ഇവയ്ക്കെല്ലാം കാലു നാല്
എനിക്കുള്ള ഒരു കയ്യിൽ വിരലഞ്ച്

ഈച്ച വണ്ട് ഇവയ്ക്കെല്ലാം കാലുണ്ടാറ്
ഞായർ തിങ്കൾ എന്നിങ്ങനെ നാളുണ്ടേഴ്
എട്ടുകാലി പ്രാണികൾക്കു കാലുണ്ടെട്ട്
ഞാനെന്നുള്ള വീടിനു വാതിലൊൻപത്
എനിക്കുള്ള രണ്ടു കയ്യിൽ വിരൽ പത്ത്

## 3.9 തീവണ്ടി

കൂ കൂ കൂകും തീവണ്ടി
കൂകിപ്പായും തീവണ്ടി
കൽക്കരി തിന്നും തീവണ്ടി
വെള്ളം മോന്തും തീവണ്ടി
രാപകലോടും തീവണ്ടി
തളർന്നുനിൽക്കും തീവണ്ടി
വെയിലത്തോടും തീവണ്ടി
മഴയത്തോടും തീവണ്ടി
വേഗം പായും തീവണ്ടി
ഹാ ഹാ ഹാ ഹാ തീവണ്ടി

## 3.10 ചോറ്

അടയ്ക്കാത്തൊണ്ടിൽ
ഉഴക്കരി വെച്ചു
ചീച്ചളിച്ചു
രാമോനുണ്ടു
കോമോനുണ്ടു
കൂമത്തി മക്കള് പത്താളുണ്ടു
പന്ത്രണ്ടാന പടിഞ്ഞിരുന്നുണ്ടു
വേലിക്കൽ തത്ത ഞെളിഞ്ഞിരുന്നുണ്ടു
പിന്നേം കിടക്കുന്നു എട്ടു തൊട്ടി ചോറ്!

## 3.11 വണ്ടിപ്പാട്ട്

ഒന്നേ ഒന്നേ ഓട്ടോറിക്ഷാ
ഓടിക്കേറി വരുന്നുണ്ടേ

രണ്ടേ രണ്ടേ വണ്ടിക്കാളകൾ
വണ്ടി വലിച്ചു വരുന്നുണ്ടേ

മൂന്നേ മൂന്നേ മൂളിക്കൊണ്ടൊരു
ബസ്സു കടന്നു വരുന്നുണ്ടേ

നാലേ നാലേ ലോറിയൊരെണ്ണം
ചീറിപ്പാഞ്ഞു വരുന്നുണ്ടേ

അഞ്ചേ അഞ്ചേ എഞ്ചിൻ വെച്ചൊരു
വഞ്ചി കുതിച്ചു വരുന്നുണ്ടേ

ആറേ ആറേ ചീറിക്കൊണ്ടൊരു
കാറു പറന്നു വരുന്നുണ്ടേ

ഏഴേ ഏഴേ താഴെക്കൂടൊരു
സൈക്കിൾ മെല്ലെ വരുന്നുണ്ടേ

എട്ടേ എട്ടേ തട്ടീം മുട്ടീം
സ്കൂട്ടർ വണ്ടി വരുന്നുണ്ടേ

ഒമ്പതുപേരൊരു ജീപ്പിന്നുള്ളിൽ
'ചെത്തിയടിച്ചു' വരുന്നുണ്ടേ

പത്തേ പത്തേ 'കുക്കുടു കുടുകുടു'
പുത്തൻ ബൈക്കു വരുന്നുണ്ടേ!

## 3.12 പഞ്ചാരക്കുഞ്ചു

കുഞ്ചിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമനോമനക്കുഞ്ചുവാണേ
പഞ്ചാര വിറ്റു നടന്ന കുഞ്ചു
പഞ്ചാരകുഞ്ചുവെന്ന പേരു വന്നു
വഞ്ചിയിൽ പഞ്ചാരച്ചാക്കു വെച്ചു
തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു
പഞ്ചാര തിന്നു മദിച്ചു കുഞ്ചു
ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു
കുഞ്ചിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ

## 3.13 കടലയ്ക്ക

കറുമുറെ കടിക്കണ കടലയ്ക്ക
കടിക്കുമ്പൊ തെറിക്കണ കടലയ്ക്ക
കടപ്പുറത്തിരുന്നു ഞാൻ കൊറിക്കുന്നു
കടലുണ്ടു കൊതികൊണ്ടു തുള്ളുന്നു
കടലയ്ക്ക തിന്നാൻ കൊതിയുണ്ടോ?
കടലേ കൈവശം കാശുണ്ടോ?
ഇല്ലെങ്കിൽ പോട്ടേ തന്നീടാം
പല്ലൊന്നും വായയിൽ ഇല്ലല്ലോ
നല്ലോണം താടി നരച്ചല്ലോ
എന്നാലും ഒരു മണി തന്നീടാം
വന്നാലും, എന്തേ വേണ്ടെന്നോ?
കഷ്ടം കടലേ ഇടയരുതേ
കുട്ടനുരച്ചതു കളിയല്ലേ?

## 3.14 ഉറുമ്പുപട

പട നയിച്ചു പട നയിച്ചു

വരികയാണുറുമ്പുകൾ
പട നയിച്ചു പട നയിച്ചു
വരികയാണുറുമ്പുകൾ
അണിനിരന്നു മാർച്ചു ചെയ്തു
വരികയാണുറുമ്പുകൾ
പഞ്ചസാരഭരണിയും
നിറഞ്ഞ തേൻകുടങ്ങളും
കാലിയാക്കി വരികയാണു
നൂറുനൂറുറുമ്പുകൾ

## 3.15 ആന

*ഇല്ലേ ദൂരെക്കറുകറനിറമായ് കാണുവതെന്തമ്മേ?*
അല്ലേ നീയതു കണ്ടിട്ടില്ലേ ആനയതെന്മകനേ
*ആനയതെനാൽ എന്താണമ്മേ? മൃഗമാണതു മകനേ*
മൃഗജാതിയിൽ വച്ചേറ്റം വലുതീ മൃഗമാണെന്നറിക
*തൂണുകൾ പോലെ നാലുവശത്തും കാണുവതെന്തമ്മേ?*
മുമ്പിൽ കാൺമതു തുമ്പിക്കയ്യും ശേഷം കാൽ നാലും
*ഇരുവശമതിലും വെളുവെളുനിറമായ് കാണുവതെന്തമ്മേ?*
കൊമ്പുകളാനതുമൻപിനൊടറിക ഇമ്പമെറും മകനേ
*മുറമതു പോലേ ഇരുവശമതിലും വീശുവതെന്തമ്മേ?*
കാതുകളണതു കാറ്റിലലപ്പതു കാണുക കൺമണിയേ
*ജലമിഹ വായിൽ കൊൾവതുമെങ്ങനെ നലമൊടു ചൊൽകമ്മേ*
തുമ്പിക്കയ്യോ കുഴൽപോലാണതു നിറയേ ജലമേറ്റീ
തൻ പ്രിയമേറും തുമ്പിയെ വായിൽ വച്ചീമ്പിടുമെൻ മകനേ
തുമ്പിക്കയ്യുടെ മേലറ്റത്തങ്ങടിവശമതു വായ
തൻ പ്രിയമേറും തീറ്റികൾ വച്ചു തിന്നുമതെൻ മകനേ
*ഇതിനുടെ ജനനം എങ്ങാണെന്നാറിവാൻ കൊതിയുണ്ടമ്മേ*
കാനനമതിലാണിതിനുടെ ജനനം അരുമക്കൺമണിയേ

## 3.16 അരിവാളരിവാൾ. . .

അരിവാളരിവാളെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ അരിവാളല്ലിയോ പിന്നെ
ചാമ കൊയാൻ പോയത്. . .

ആ ചാമയെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ ചാമയല്ലിയോ പിന്നെ
കുത്തിക്കഞ്ഞി വെച്ചത്. . .

ആ കഞ്ഞിയെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ കഞ്ഞിയല്ലിയോ പിന്നെ
ഊളൻ കുട്ടി കുടിച്ചത്. . .

ആ ഊളനെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ ഊളനല്ലിയോ പിന്നെ
തൂറ്റിപ്പാറ്റിച്ചത്തത്. . .

ആ ചാണകമെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ ചാണകമല്ലിയോ പിന്നെ
അമ്പലമുറ്റം മെഴുകിയത്. . .

## 3.17 ഈ വല്ലിയിൽ നിന്നു ചെമ്മേ. . .

| | |
|---|---|
| കുട്ടി: | ഈ വല്ലിയിൽ നിന്നു ചെമ്മേ – പൂക്കൾ<br>പോകുന്നിതാ പറന്നമ്മേ! |
| അമ്മ: | തെറ്റീ നിനക്കുണ്ണീ, ചൊല്ലാം – നൽപ്പൂ–<br>മ്പാറ്റകളല്ലേയിതെല്ലാം |
| കുട്ടി: | മേൽക്കുമേലിങ്ങിവ പൊങ്ങി – വിണ്ണിൽ<br>നോക്കമ്മേ, എന്തൊരു ഭംഗി!<br>അയ്യോ പോയ് കൂടെക്കളിക്കാൻ – അമ്മേ<br>വയ്യയെനിക്കു പറക്കാൻ |
| അമ്മ: | ആവാത്തതിങ്ങനെയെണ്ണി – ചുമ്മാ<br>മാഴ്കല്ലെയെന്നോമലുണ്ണീ<br>പിച്ച നടന്നു കളിപ്പൂ – നീ, യി–<br>പ്പിച്ചകമുണ്ടോ നടപ്പൂ? |
| കുട്ടി: | അമ്മട്ടിലായതെന്തെന്നാൽ – ഞാനൊ–<br>രുമ്മ തരാമമ്മ ചൊന്നാൽ |
| അമ്മ: | നാമിങ്ങറിയുവതല്പം – എല്ലാം<br>ഓമനേ, ദൈവസങ്കല്പം |

## 3.18 മാസപ്പാട്ട്

ചിങ്ങത്തിൽ ചങ്ങാതി കൊയ്തുപോയി
കന്നിനിലാവിൽ നടന്നുപോയി
ത്ലാമഴയത്തു നനഞ്ഞുപോയി
വൃശ്ചികക്കാറ്റിൽ വിറച്ചുപോയി
ധനുവിലും വന്നു തിരിച്ചുപോയി
മകരമഞ്ഞത്തു പുതച്ചുപോയി
കുംഭത്തിൽ കുമ്പ നിറച്ചുപോയി
മീനവെയിലിൽ വിറച്ചുപോയി
മേടത്തിൽ കൊന്നപ്പൂ കൊണ്ടുപോയി
ഇടവത്തിലിടിയിൽ വിരണ്ടുപോയി
മിഥുനത്തിൽ മിന്നലും കണ്ടുപോയി
കർക്കടകത്തിൽ കുടയ്ക്കു പോയി

## 3.19 വിദ്യ

വിത്തമെന്തിന്നു മർത്ത്യന്നു വിദ്യ കൈവശമാകുകിൽ?
വെണ്ണയുണ്ടെങ്കിൽ നറുനെയ് വേറിട്ടു കരുതേണമോ?

വിദ്യ വിട്ടു നരന്നാമോ വിശ്വംഭരയിൽ വാഴുവാൻ?
ആയുധം കയ്യിലില്ലാത്തോനടരാടുന്നതെങ്ങനെ?

പുറം കണ്ണു തുറപ്പിപ്പൂ പുലർവേളയിലംശുമാൻ;
അകക്കണ്ണു തുറപ്പിക്കാനാശാൻ ബാല്യത്തിലെത്തണം.

അന്നമേകുന്നവൻ മോദമപ്പോൾ താനണച്ചിടും;
ആജീവാനന്തമാനന്ദമരുളും വിദ്യ നൽകുവോൻ.

കൊണ്ടുപോകില്ല ചോരന്മാർ, കൊടുക്കും തോറുമേറിടും,
മേന്മ നൽകും മരിച്ചാലും, വിദ്യ തന്നെ മഹാധനം.

## 3.20 ഐക്യഗാഥ

ഇമ്മരത്തോപ്പിലെത്തെമണിക്കാറ്റിന്റെ
മർമ്മരവാക്യത്തിന്നർത്ഥമെന്തോ?
എന്നയൽക്കാരനിൽനിന്നു ഞാൻ ഭിന്നന-
ല്ലെന്നങ്ങുനിന്നിതു വന്നുരയ്പ്പൂ

മാനത്തു വട്ടത്തിൽപ്പാറുമിപ്പക്ഷി തൻ
തേനൊലിഗ്ഗാനത്തിൻ സാരമെന്തോ?
എന്നയൽനാട്ടിൽ നിന്നെൻനാടുവേറെയ-
ല്ലെന്നതു രണ്ടും കണ്ടോതിടുന്നു

തൻ തിരമാലതന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?
ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-
താകവേ തൊട്ടറിഞ്ഞോതിടുന്നു

വ്യോമത്തിൽ നിന്നിടി ദുന്ദുഭി കൊട്ടിയി-
ക്കാർമുകിലെന്തോന്നു ഗർജ്ജിക്കുന്നു?
രണ്ടല്ല നാകവുമൂഴിയുമെന്നതു
രണ്ടിനും മദ്ധ്യത്തിൽ നിന്നുരയ്പ്പൂ

മന്ദമെൻ ഹൃത്തതിൻ സ്പന്ദത്താൽച്ചെയ്യുമീ
മന്ത്രോപദേശത്തിൻ മർമ്മമെന്തോ?
അപ്പരബ്രഹ്മം താൻ ഞാനെന്നു കൂറുന്നു
രാപ്പകലെന്നോടെന്നന്തര്യാമി

## 3.21 ഉണ്ണി

ആറ്റിൻവക്കത്തെ മാളികവീട്ടില-
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു.

ഉണ്ണിയ്ക്കരയിലെക്കിങ്ങിണി പൊന്നുകൊ-
ണ്ടുണ്ണിക്കു കാതിൽക്കുടക്കടുക്കൻ.
പാപ്പ കൊടുക്കുന്നു പാലു കൊടുക്കുന്നു
പാവ കൊടുക്കുന്നു നങ്ങേലി.

കാച്ചിയ മോരൊഴിച്ചൊപ്പി വടിച്ചിട്ടു
“കാക്കേം പൂച്ചേം” പാട്ടുകൾ പാടീട്ടു
മാനത്തമ്പിളി മാമനെക്കാട്ടീട്ടു
മാമു കൊടുക്കുന്നു നങ്ങേലി.

താഴെ വെച്ചാലുറുമ്പരിച്ചാലോ
തലയിൽ വെച്ചാൽ പേനരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടു വിരിച്ചിട്ടു
തണുതണെപ്പൂന്തുട തട്ടിയുറക്കീട്ടു
ചാഞ്ഞു മയങ്ങുന്നു നങ്ങേലി.

# 4 വലിയ കുട്ടികൾക്കുള്ള കവിതകൾ

## 4.1 ഓമനക്കുട്ടൻ

ഓമനക്കുട്ടൻ ഗോവിന്ദൻ ബല-
രാമനെക്കൂടെകൂടാതെ
കാമിനീമണിയമ്മതന്നങ്ക-
സീമനി ചെന്നു കേറിനാൻ
അമ്മയുമപ്പോൾ മാറണച്ചിട്ട-
ങ്ങുമ്മവച്ചു കിടാവിനെ
അമ്മിഞ്ഞ നൽകിയാനന്ദിപ്പിച്ചു
ചിന്മയനപ്പോളോതിനാൻ:
“ഒപ്പത്തിലുള്ള കുട്ടികളൊരു
മുപ്പത്തിരണ്ടു പേരുണ്ട്
അപ്പിള്ളരായ് വനത്തിൽ കളിപ്പാ-
നിപ്പോൾ ഞാനമ്മേ പോകട്ടേ
അയ്യോയെന്നുണ്ണീ പോകല്ലേ, യിപ്പോൾ
തിയ്യു പോലുള്ള വെയിലല്ലേ
വെറുതെയെന്നമ്മേ തടയല്ലേ പോട്ടേ
പരിചോടിന്നിനിയ്ക്കുണ്ണുവാൻ
നറുനെയ് കൂട്ടിയുരുട്ടീട്ടും നല്ലോ-
രുറതയിർ കൂട്ടിയുരുട്ടീട്ടും
വറുത്തോരുപ്പേരി പതിച്ചിട്ടുമീര-
ണ്ടുരുളയുമെന്റെ മുരളിയും
തരികെന്നങ്ങനെയലസം ചാഞ്ചാടി-
ത്തരസാ കണ്ണൻ താൻ പുറപ്പെട്ടു

## 4.2 കാക്ക

കൂരിരുട്ടിന്റെ കിടാത്തിയെന്നാൽ
സൂര്യപ്രകാശത്തിനുറ്റ തോഴി;
ചീത്തകൾ കൊത്തിവലിക്കുകിലു-
മേറ്റവും വൃത്തിവെടുപ്പെഴുന്നോൾ;
കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും
കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ.

പൊന്നുപുലരിയുണർന്നെണീറ്റു
ചെന്നു കിഴക്കു തീ പൂട്ടിടുമ്പോൾ,
കാളുന്ന വാനത്തു നാളികേര-
പ്പൂളൊന്നു വാടിക്കിടന്നിടുമ്പോൾ,
മുത്തൊക്കുമത്താഴവറ്റു വാനിൻ-
മുറ്റത്തു ചിന്നിയടിഞ്ഞിടുമ്പോൾ,
കേൾക്കാം പുളിമരക്കൊമ്പിൽ നിന്നും
കാക്ക കരയുന്ന താരനാദം:
“ആരാണുറങ്ങുന്ന, തേൽക്കുകെ” ന്നാ -
ക്കാരണവത്തിതന്നുക്തി പോലെ!

പാടിക്കളിക്കട്ടെ നാലുകെട്ടിൽ
മാടത്ത, തത്ത, കുയിൽ, പിറാക്കൾ;
ഉൾപ്രിയമെങ്കിലും ഗേഹലക്ഷ്മി-
യ്ക്കെപ്പൊഴും കാക്കയോടെന്നു ഞായം!

ഉള്ളിലടുപ്പത്തു മൺകലത്തിൽ
നല്ലരി വെള്ളിയായ് തുള്ളിടുമ്പോൾ,
മേലെ മധുരക്കിഴങ്ങുവള്ളി
പോലെ പുക പടർന്നിടുമ്പോൾ,
അങ്ങാശു കോലായിലമ്മ ചോറിൻ
ചങ്ങാതിമാരെച്ചമച്ചിടുമ്പോൾ,
ആഞ്ഞു തിമിർക്കുമൊരുണ്ണി മണ്ണിൽ
ഞാഞ്ഞൂളുമായ് പടവെട്ടിടുമ്പോൾ,
ചോടുകൾ വേച്ചു ചരിച്ചു നോക്കി-
ച്ചൂടെഴും പൂട ചൊറിഞ്ഞുവീഴ്ത്തി,
നീട്ടി വിളംബരം ചെയ്‌വൂ കാക്ക
നാട്ടിമ്പുറത്തെക്കുടുംബസൗഖ്യം!

ചേലുകൾ നോക്കുവോളല്ല നാനാ-
വേലകൾ ചെയ്യുവോളിക്കിടാത്തി;
ലോലമായ് മുറ്റിതളുള്ള നീല-
ക്കാലടിയെങ്ങു പതിഞ്ഞിടുന്നോ,
ആ നിലമൊക്കെയും ശുദ്ധിയേൽപ്പൂ
ചാണകവെള്ളം തളിച്ചപോലെ!

# 5 കടങ്കവിതകൾ

## 5.1 പപ്പടം

ഓണമുണ്ണുന്നേരമിലത്തുമ്പിൽ വന്നു വീഴും
കാണുമെന്നാൽ കൈക്കലാക്കിപ്പിള്ളരടി കൂട്ടും
കാച്ചിടുന്ന വാസനയാൽ നാവിൽ വെള്ളമൂറും
പച്ചയായിപ്പിച്ചിത്തിന്നാൽ പല്ലിലൊട്ടിക്കേറും
അമ്പിളിയമ്മാവനെപ്പോൽ വട്ടമൊത്തിരിക്കും
അൻപോടതിൻ പേരുചൊല്ലിൻ ബാലരായ നിങ്ങൾ

# 6 മാതാപിതാക്കൾക്കുള്ള കവിതകൾ

## 6.1 ഓമനത്തിങ്കൾ

ഓമനത്തിങ്കൾക്കിടാവോ – നല്ല
കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ – പരി-
പൂർണേന്ദു തന്റെ നിലാവോ
പുത്തൻ പവിഴക്കൊടിയോ – ചെറു-
തത്തകൾ കൊഞ്ചും മൊഴിയോ
ചാഞ്ചാടിയാടും മയിലോ – മൃദു-
പഞ്ചമം പാടും കുയിലോ
തുള്ളുമിളമാൻ കിടാവോ – ശോഭ
കൊള്ളുന്നൊരന്നക്കൊടിയോ
ഈശ്വരൻ തന്ന നിധിയോ – പര-
മേശ്വരിയേന്തും കിളിയോ
പാരിജാതത്തിൻ തളിരോ – എന്റെ
ഭാഗ്യദ്രുമത്തിൻ ഫലമോ
വാത്സല്യരത്നത്തെ വയ്പാൻ – മമ
വാച്ചൊരു കാഞ്ചനച്ചെപ്പോ
ദൃഷ്ടിയ്ക്കു വച്ചോരമൃതോ – കൂരി-
രുട്ടത്തു വെച്ച വിളക്കോ
കീർത്തിലതയ്ക്കുള്ള വിത്തോ – എന്നും
കേടുവരാതുള്ള മുത്തോ
ആർത്തിതിമിരം കളവാൻ – ഉള്ള
മാർത്താണ്ഡദേവപ്രഭയോ
സൂക്തിയിൽ കണ്ട പൊരുളോ – അതി-
സൂക്ഷ്മമാം വീണാരവമോ
വമ്പിച്ച സന്തോഷവല്ലി – തന്റെ
കൊമ്പതിൽ പൂത്ത പൂവല്ലി
പിച്ചകത്തിൻ മലർച്ചെണ്ടോ – നാവി-
ന്നിച്ഛ നൽകും നൽക്കൽക്കണ്ടോ
കസ്തൂരി തന്റെ മണമോ – നല്ല
സത്തുക്കൾക്കുള്ള ഗുണമോ
പൂമണമേറ്റൊരു കാറ്റോ – ഏറ്റം
പൊന്നിൽക്കലർന്നോരു മാറ്റോ
കാച്ചിക്കുറുക്കിയ പാലോ – നല്ല
ഗന്ധമെഴും പനിനീരോ
നന്മ വിളയും നിലമോ – ബഹു-
ധർമ്മങ്ങൾ വാഴും ഗൃഹമോ
ദാഹം കളയും ജലമോ – മാർഗ്ഗ-
ഖേദം കളയും തണലോ
വാടാത്ത മല്ലികപ്പൂവോ – ഞാനും
തേടിവെച്ചുള്ള ധനമോ
കണ്ണിന്നു നല്ല കണിയോ – മമ
കൈവന്ന ചിന്താമണിയോ

ലാവണ്യപുണ്യനദിയോ – ഉണ്ണി-
ക്കാർവർണ്ണൻ തന്റെ കണിയോ
ലക്ഷ്മീഭഗവതി തന്റെ – തിരു-
നെറ്റിമേലിട്ട കുറിയോ
എന്നുണ്ണിക്കൃഷ്ണൻ ജനിച്ചോ – പാരി-
ലിങ്ങനെ വേഷം ധരിച്ചോ
പദ്മനാഭൻ തൻ കൃപയോ – ഇനി
ഭാഗ്യം വരുന്ന വഴിയോ

## സൂചിക


അക്ഷരമേ നിന്നെ . . . . . . . . . . 9
അച്ഛനെയിങ്ങോട്ടു വിളിച്ചേടാ . . . . . . . . 6
അച്ഛനൊന്ന് അമ്മയൊന്ന് . . . . . . . . . . 11
അടയ്ക്കാത്തൊണ്ടിൽ . . . . . . . . . . 12
അരിവാളരിവാളെവിടെടി . . . . . . . . . . 14
അരിവെന്താൽ ചോറാകും . . . . . . . . . . 8
ആ എന്നൊരക്ഷരം . . . . . . . . . . 5
ആകാശത്തിലെ മുത്തശ്ശി . . . . . . . . . . 10
ആന വരുന്നേ, ആന വരുന്നേ
കൊമ്പൻ പാറ . . . . . . . . . . 5
ആന വരുന്നേ, ആന വരുന്നേ
മാറിപ്പോകൂ . . . . . . . . . . 10
ആ വരുന്നതൊരാന . . . . . . . . . . 6
ആശകൊണ്ടു മൂസ . . . . . . . . . . 7
ആറ്റിൻവക്കത്തെ മാളികവീട്ടിൽ . . . . . 16

ഇമ്മരത്തോപ്പിലെ . . . . . . . . . . 16
ഇല്ലേ ദൂരെക്കറുകറ . . . . . . . . . . 14
ഈ വല്ലിയിൽ നിന്നു ചെമ്മേ . . . . . . . 15

ഉറുമ്പിൻ തലയാനയ്ക്കും . . . . . . . . . . 8
ഊതി നിറച്ച ബലൂൺ . . . . . . . . . . 6

എലിയില്ലാതായാൽ . . . . . . . . . . 8
ഏ ബീ സീ ഡീ അടിപിടി കൂടി . . . . . . . 8
ഏ-ബീ-സീ-ഡീ-യിലുണ്ടൊരു . . . . . . . . 9

ഒന്നെന്നെങ്ങനെയെഴുതാം? . . . . . . . . . . 9
ഒന്നേ ഒന്നേ ഓട്ടോറിക്ഷാ . . . . . . . . . . 12
ഓണമുണ്ണുന്നേരം . . . . . . . . . . 19
ഓമനക്കുട്ടൻ . . . . . . . . . . 17
ഓമനത്തിങ്കൾ . . . . . . . . . . 20

കക്കക്ക കാക്കയും . . . . . . . . . . 5
കചടതപാ കചടതപാ . . . . . . . . . . 7
കറുമുറെ കടിക്കണ കടലയ്ക്ക . . . . . . 13
കാക്ക പാറിവന്നു . . . . . . . . . . 9
കാക്കേ കാക്കേ കൂടെവിടെ . . . . . . . . . . 10
കുഞ്ചിയമ്മയ്ക്കഞ്ചു . . . . . . . . . . 13
കുഞ്ഞിത്തത്തേ പോകല്ലേ . . . . . . . . . . 11
കുരങ്ങനും കുരങ്ങനും . . . . . . . . . . 7
കൂ കൂ കൂകും . . . . . . . . . . 12
കൂരിരുട്ടിന്റെ കിടാത്തി . . . . . . . . . . 18

ചിങ്ങത്തിൽ ചങ്ങാതി . . . . . . . . . . 15

തത്തയ്ക്കൊത്തിരി . . . . . . . . . . 11
ദൈവമേ കൈതൊഴാം . . . . . . . . . . 4
നെല്ലു കുത്തട കോരാ . . . . . . . . . . 6

പച്ചിലച്ചില്ലയിൽ . . . . . . . . . . 11
പട നയിച്ചു പട നയിച്ചു . . . . . . . . . . 13
പണ്ടൊരു കുരങ്ങച്ചൻ . . . . . . . . . . 5
പരത്തിപ്പറഞ്ഞാൽ പർപ്പടകം . . . . . . . . 8
പൂച്ച നല്ല പൂച്ച . . . . . . . . . . 7, 9
മുട്ടായി ബുദ്ധിചേർന്നീടിൽ . . . . . . . . . . 9

വായിച്ചാലും വളരും . . . . . . . . . . 8
വിദ്യ . . . . . . . . . . 16

ഹായി ഠായി മിഠായി . . . . . . . . . . 5